## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1487** — **2.07.2015-ൽ മറുപടിക്ക്**

### സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ. ലൂഡി ലൂയിസ്<br>2. „ അൻവർ സാദത്ത്<br>3. „ ഡൊമനിക് പ്രസന്റേഷൻ<br>4. „ കെ. ശിവദാസൻ നായർ. | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) എ.ഡി.ബി സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) രൂപം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം വിശദമാക്കാമോ; | (ബി) എ.ഡി.ബി-യുടെ വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതി യാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി എന്നതിനാൽ ഇതിനായി പ്രത്യേക കേന്ദ്ര സഹായങ്ങളൊന്നും ലഭിച്ചുവരുന്നില്ല. |
| (സി) പദ്ധതിക്ക് അംഗീകാരം നൽകി യിട്ടുണ്ടോ; വിശദമാക്കാമോ; | (സി) പ്രസ്തുത പദ്ധതിക്ക് സർക്കാരിന്റെ 9-7-2007 - ലെ സ.ഉ (സാധാ) നമ്പർ 1880/07/തസ്വഭവ എന്ന ഉത്തരവ് പ്രകാരം അംഗീകാരം നൽകി യിട്ടുണ്ട്.കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗരവികസന പദ്ധതി നടപ്പിലാക്കുന്നതിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കുന്ന ഒരു കരാ റിൽ 8.12.2006 തീയതിയിൽ എ.ഡി.ബി-യു മായി ഒപ്പുവെച്ചിട്ടുണ്ട്. നിശ്ചിത കാലാവധി യായ 30.6.2012 തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ എ.ഡി.ബി-യുടെ സ്പെഷ്യൽ പ്രോജക്ട് അഡ്മിനിസ്ട്രേഷൻ മിഷന്റെ അംഗീകാര ത്തിന്റെ അടിസ്ഥാനത്തിൽ 30.6.2016 വരെ പ്രോജക്ട് കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഭാഗികമായ റദ്ദാക്കലിനെത്തുടർന്ന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള വായ്പാതുക 168.4 മില്യൻ ഡോളറാണ്. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; വിശദാംശം നൽകുമോ ? | (ഡി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ , ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ് – സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. |

സെക്ഷൻ ഓഫീസർ